## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3562** **24/06/2013**-ൽ മറുപടിക്ക്

### തിരുവനന്തപുരം മൃഗശാല നവീകരണം

ചോദ്യം

ശ്രീ. ചിറ്റയം ഗോപകുമാർ

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തിരുവനന്തപുരം മൃഗശാല നവീകരിക്കുന്നതിനു വേണ്ടി സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള വിവരം വ്യക്തമാക്കുമോ ; | (എ) | മൃഗശാലാ സന്ദർശകർക്കായി ബാറ്ററിയിൽ ഓടുന്ന വാഹനം ഏർപ്പെടുത്തി. ഫിൽട്ടർ സംവിധാനത്തോട് കൂടി ശുദ്ധമായ ജലം ലഭിക്കത്തക്ക വിധം വാട്ടർ കൂളറുകൾ സ്ഥാപിച്ചു. വൃക്ഷത്തടികൾ ഉപയോഗിച്ച് പക്ഷി മൃഗാദികളുടെ രൂപം കൊത്തിയ മനോഹരമായ ഇരിപ്പിടങ്ങൾ സ്ഥാപിച്ചു. മൃഗശാലാ ആശുപത്രിയിലേയ്ക്ക് മൃഗങ്ങളുടെ രോഗനിർണ്ണയത്തിനും, ചികിൽസക്കുമായി ആധുനിക ഉപകരണങ്ങൾ വാങ്ങിച്ചു. |
| (ബി) | ആയതിനുവേണ്ടി ഓരോയിനത്തിലും എന്തു തുക ചെലവിട്ടുവെന്ന് ഇനം തിരിച്ച് അറിയിക്കുമോ; മൃഗശാലാ നവീകരണത്തിനു വേണ്ടി പുതിയതായി എന്തെല്ലാം പദ്ധതികളുണ്ട് ആവിഷ്കരിച്ച് നടപ്പിലാക്കുവാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | (ബി) | ബാറ്ററി വാഹനം - 22,13,250 രൂപ.<br>വാട്ടർ കൂളറുകൾ - 4,04,898 രൂപ<br>മരത്തടി കൊണ്ടുള്ള ഇരിപ്പിടങ്ങൾ - 3,79,828 രൂപ<br>വെറ്റിനറി ഉപകരണങ്ങൾ - 17,98,350 രൂപ<br><br>തിരുവനന്തപുരം മൃഗശാലയുടെ 20 വർഷത്തെ വികസന പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരം മൃഗശാലയിലെ മൃഗങ്ങളുടെ ആവാസസ്ഥലങ്ങൾ പുതുക്കി പണിയുകയും പുതിയതായി നിർമ്മിക്കുകയും ചെയ്യുന്നതാണ്. മൃഗശാലയിലേയ്ക്ക് ജിറാഫ്, സീബ്രാ, അനാകോണ്ട, ഹിമാലയൻ കരടി മുതലായവയെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ